LIBRARY ARCHIVES Kerala Legislative Assembly

ചാരുംമൂട് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിന് നടപടി

59 [64] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) 1991-1996-ലെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആലപ്പുഴ ജില്ലയിലെ മാന്നാറിലും, ചാരുംമൂട്ടിലും പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ആരംഭിക്കണമെന്ന് നിർദ്ദേശം ഉണ്ടായിരുന്നെങ്കിലും മാന്നാറിൽ മാത്രം പോലീസ്, സി.ഐ. ഓഫീസ് ആരംഭിച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ ചാരുംമൂട് കേന്ദ്രമാക്കി പോലീസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിനായുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു. സർക്കാരിന്റെ സാമ്പത്തികനില കണക്കിലെടുത്ത് പ്രസ്തുത നിർദ്ദേശം സമയോചിതമായി പിന്നിട് തീരുമാനിക്കുന്നതിലേയ്ക്കായി മാറ്റിവച്ചിരിക്കുകയാണ്.

(ബി) ജനസംഖ്യ, കേസുകളുടെ എണ്ണം, ക്രമസമാധാന പ്രശ്നങ്ങൾ, ട്രാഫിക് സംബന്ധമായ അപകടങ്ങളുടെയും കേസുകളുടെയും എണ്ണം, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, സർക്കാരിന്റെ സാമ്പത്തിക സ്ഥിതി എന്നിവ കണക്കിലെടുത്ത് ഒരു മുൻഗണാനക്രമം നിശ്ചയിച്ചാണ് പുതിയ സ്റ്റേഷനുകൾ ആരംഭിക്കുന്നത്. ഇക്കാരണത്താൽ എല്ലാ നിർദ്ദേശങ്ങളും ഒരേ സമയം തന്നെ അനുവദിക്കാൻ കഴിയാറില്ല.

മാറാട് കേസ്സുകൾ

60 [65] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 മേയ് 2-ന് നടന്ന മാറാട് കൂട്ടക്കൊലയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര പേർ പ്രതികളായിട്ടുണ്ട്;

(ബി) കേസുമായി ബന്ധപ്പെട്ട് ഇനിയും പിടികിട്ടേണ്ട പ്രതികളുണ്ടോ; എങ്കിൽ എത്ര;

(സി) പ്രതികളിൽ എത്ര പേർക്ക് ജാമ്യം ലഭിച്ചിട്ടുണ്ട്; ആർക്കൊക്കെ;

(ഡി) രജിസ്റ്റർ ചെയ്ത കേസുകളുടെ വകുപ്പും സ്വഭാവവും വ്യക്തമാക്കാമോ;